പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052 07.07.2015 ൽ മറുപടിക്ക്

## ട്രെയിനുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കൾ എല്ലാം തന്നെ തീരെ നിലവാരം കുറഞ്ഞവയാണെന്നും ആയവ തയ്യാറാക്കുന്നത് വൃത്തിഹീനമായ സാഹചര്യങ്ങളിലാണെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും ഭക്ഷ്യ വസ്തുക്കൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ തയ്യാറാക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും, ചേരുവകളും അളവും. ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21.12.2012 |
| (ബി) | എങ്കിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.<br>യാത്രക്കാർക്ക് പരാതികൾ സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നല്കുകയോ ഇൻറർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ